ഫാർമസിസ്റ്റിനെ നിയമിക്കണം

പുനലൂർ: കമുകുംചേരി ആയുർവേദ ആശുപത്രിയിൽ ഫാർമസിസ്റ്റിന്റെ കുറവുമൂലം രോഗികൾ വലയുന്നു. ഇവിടുത്തെ ഫാർമസിസ്റ്റ് അവധിയെടുത്തതോടെ പകരം നിയമിച്ചയാൾ ആഴ്ചയിൽ രണ്ടുദിവസമാണ് എത്തുന്നത്. അച്ചൻകോവിൽ ആശുപത്രിയിലെ ഫാർമസിസ്റ്റിനെയാണ് ഇവിടേക്ക് താത്കാലികമായി നിയമിച്ചിട്ടുള്ളത്. ഈ സേവനം രണ്ടുദിവസത്തിനു പകരം മൂന്ന് ദിവസമാക്കി വർധിപ്പിച്ചാൽ പ്രശ്നം ഒരുപരിധിവരെ പരിഹരിക്കാനാകുമെന്നാണ് നാട്ടുകാർ പറയുന്നത്.

പ്രിൻസിപ്പലായി ചുമതലയേറ്റു

കൊട്ടാരക്കര: കിഴക്കേത്തെരുവ് സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പലായി ജോമി തോമസ് കലയപുരം ചുമതലയേറ്റു. നിലവിൽ ഹയർ സെക്കൻഡറി വിഭാഗം സീനിയർ അധ്യാപകനാണ്. മലങ്കര കത്തോലിക്കാ സഭയുമായി ബന്ധപ്പെട്ട് 8 ഗ്രന്ഥങ്ങളുടെ രചയിതാവാണ്. കെസിബിസി സമിതി അംഗമാണ്. പഴയതെരുവ് ഗവ. യുപിഎസ് അധ്യാപിക വിൻസി. പി. എഡിസൻ ഭാര്യയും തിരുവനന്തപുരം നാലാഞ്ചിറ സെന്റ് അലോഷ്യസ് മൈനർ സെമിനാരി വിദ്യാർഥി ടോം ജോമി തോമസ്, പ്ലസ് വൺ വിദ്യാർഥി ജിനോ ജോമി തോമസ് എന്നിവർ മക്കളാണ്.

അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: പത്രപ്രവർത്തകനും സാംസ്കാരിക പ്രവർത്തകനുമായിരുന്ന പാച്ചല്ലൂർ സുകുമാരന്റെ സ്മരണാർഥം പാച്ചല്ലൂർ സുകുമാർ സ്മാരക ട്രസ്റ്റ് ഏർപ്പെടുത്തിയ അഞ്ചാമത് വിദ്യാഭ്യാസ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. 2024ൽ സിബിഎസ്ഇ, ഐസിഎസ്ഇ, സ്റ്റേറ്റ് സിലബസുകളിൽ പത്താം ക്ലാസ്, പന്ത്രണ്ടാം ക്ലാസ്, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കാണ് പുരസ്കാരം നൽകുന്നത്. അപേക്ഷകൾ ജൂൺ 15ന് മുമ്പ് എസ്. ഭദ്രൻ, ശിശിരം, ചെമ്പകമംഗലം, തോന്നയ്ക്കൽ പി.ഒ, തിരുവനന്തപുരം 695317 എന്ന വിലാസത്തിൽ സമർപ്പിക്കണമെന്ന് ട്രസ്റ്റ് സെക്രട്ടറി അജിത് പാവംകോട് അറിയിച്ചു.

അഭിമുഖം

പുനലൂർ: വാളകം സിഎസ്ഐ ഹയർ സെക്കൻഡറി സ്കൂൾ ഓഫ് ദി ഡഫിൽ എച്ച്എസ്എസ് വിഭാഗത്തിൽ, കോമേഴ്സ്, പൊളിറ്റിക്കൽ സയൻസ്, താത്കാലിക ഒഴിവുകളിലേക്ക് ഉള്ള അഭിമുഖം 4ന് രാവിലെ 11.30ന് നടക്കും. ഫോൺ - 9495433292.

CHANGE OF NAME

I, DHAKSHINA PRAVEEN, holder of an Indian Passport No. R 1116296, residing at OLIVE CRESSIDA, TOWER 2, 7A, ATTINKUZHY, NEAR TCS PARK, KAZHAKUTTAM P.O, TRIVANDRUM, KERALA. PIN:- 695582, do hereby changed my name as DAKSHINA PRAVEEN.

CHANGE OF NAME

I, MANJU RENJU, holder of an Indian Passport No. K 8321167, residing at PUTHAN BUNGLOW, PANAMANNARA, VALACODU P.O, PUNALUR, KOLLAM, KERALA. PIN:- 691035, do hereby changed my name as MANJU PHILIP.

ബിലാലിനും ഇഹ്സാനും കണ്ണീരിൽ കുതിർന്ന വിട

നേമം: വെള്ളായണി പറക്കോട്ട് കുളത്തിൽ കുളിക്കാനിറങ്ങി മുങ്ങിമരിച്ച നേമം വിക്ടറി സ്കൂളിലെ രണ്ട് വിദ്യാർഥികൾക്കും കൂട്ടുകാർ കണ്ണീരോടെ യാത്രാമൊഴി നൽകി. ഒരുമിച്ച് സ്കൂളിൽ എത്തുകയും ഒരുമിച്ച് ഈ ലോകത്തോട് യാത്ര പറയുകയും ചെയ്ത ഇരുവരുടെയും ചേതനയറ്റ ശരീരം വെള്ള പുതപ്പിച്ച് സ്കൂൾ ഓഡിറ്റോറിയത്തിൽ പൊതുദർശനത്തിന് വച്ചപ്പോൾ കണ്ടുനിന്ന എല്ലാവരും കണ്ണീർ മഴയിൽ മുങ്ങി.പുതുവർഷം പത്താം ക്ലാസിൽ പഠനമാരംഭിക്കേണ്ട മുഹമ്മദ് ബിലാലും (15) മുഹമ്മദ് ഇഹ്സാനും (15) വ്യാഴഴ്ച വൈകിട്ടാണ് വെള്ളായണി പറക്കോട്ട് കുളത്തിൽ മുങ്ങി മരിച്ചത്. സ്കൂൾ തുറക്കുന്നതിന് രണ്ടുനാൾ മുമ്പ് ഇരുവരുടെയും ചേതനയറ്റ ശരീരങ്ങൾ രണ്ട് ആംബുലൻസുകളിലായി ഉച്ചയോടെ സ്കൂൾ ഓഡിറ്റോറിയത്തിൽ അടുത്തടുത്ത് പൊതുദർശനത്തിന് വച്ചപ്പോൾ അക്ഷരാർഥത്തിൽ സഹപാഠികളും അധ്യാപകരും നാട്ടുകാരും ദുഃഖം അടക്കാനാകാതെ വിങ്ങിപ്പൊട്ടി. മൃതശരീരം എത്തുന്നതിനും രണ്ടുമണിക്കൂർ മുമ്പ് തന്നെ എല്ലാവരും സ്കൂളിലെത്തിയിരുന്നു. പൊതുദർശനത്തിന് ശേഷം ഇരുവരുടെയും മൃതദേഹം നേമം മുസ്ലിം ജമാഅത്ത് പള്ളിയിലെ ഖബറിസ്ഥാനിൽ അടുത്തടുത്ത് അടക്കി. മന്ത്രിമാരായ വി. ശിവൻകുട്ടി, ജി.ആർ. അനിൽ, എം. വിൻസെന്റ് എംഎൽഎ, മേയർ ആര്യ രാജേന്ദ്രൻ, പന്ന്യൻ രവീന്ദ്രൻ തുടങ്ങി ഒട്ടേറെ പേർ സ്കൂളിലും വീടുകളിലുമെത്തി അന്തിമോപചാരം അർപ്പിച്ചു.

കുളത്തിൽ മുങ്ങിമരിച്ച കുട്ടികളുടെ മൃതശരീരങ്ങൾ നേമം വിക്ടറി സ്കൂളിൽ പൊതുദർശനത്തിന് വച്ചപ്പോൾ.

'പ്രതിഭകളെ തേടി-2024' യാത്രയുടെ ഉദ്ഘാടനം പെരുമ്പുഴ സ്വദേശി അരുണിനെ ആദരിച്ച് ഇളമ്പള്ളൂർ പഞ്ചായത്തംഗം നിഷ നിർവഹിക്കുന്നു.

സമൃദ്ധിയുടെ 'പ്രതിഭകളെ തേടി' യാത്രയ്ക്ക് തുടക്കം

കൊല്ലം: ഉമയനല്ലൂർ സമൃദ്ധി സ്വാശ്രയ കർഷക സമിതിയുടെ ആഭിമുഖ്യത്തിൽ എസ്എസ്എൽസി, പ്ലസ് ടു, വിവിധ പ്രൊഫഷണൽ കോഴ്സുകൾ തുടങ്ങിയവയിൽ 2024 ൽ മികച്ച വിജയം കരസ്ഥമാക്കിയ അംഗങ്ങളുടെ മക്കളെ ആദരിക്കുന്ന 'പ്രതിഭകളെ തേടി -2024 ' പരിപാടിക്ക് അഭിമാനത്തുടക്കം.

കാൻസർ രോഗിയായ പിതാവ് അനിൽകുമാറിന്റെ ചികിത്സയ്ക്ക് പോലും പണം കണ്ടെത്താൻ കഴിയാതെ പട്ടിണിയിലൂടെ കടന്നുപോകുന്ന ഒരു കുടുംബത്തിന്റെ ദുരിതങ്ങളെ മറികടന്ന് എസ്എസ്എൽസി പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയ കുണ്ടറ, പെരുമ്പുഴ സ്വദേശി അരുണിന് സമൃദ്ധിയുടെ ആദരം നൽകി ഇളമ്പള്ളൂർ പഞ്ചായത്തംഗം നിഷ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു.

യാത്രയുടെ ആദ്യ ദിനത്തിന്റെ സമാപനം എസ്എസ്എൽസി പരീക്ഷയിൽ മികച്ച വിജയം നേടിയ സമൃദ്ധി അംഗം പരവൂർ കലക്കോട് സ്വദേശിനി നിവേദിതയെ വസതിയിൽ എത്തി ആദരിച്ച് എസ്ഐ ആശാ വി. രേഖ നിർവഹിച്ചു.

വിവിധ പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കിയ സമൃദ്ധി സ്വാശ്രയ കർഷക സമിതി അംഗങ്ങളുടെ മക്കളെ അവരവരുടെ വസതികളിൽ എത്തി ആദരിക്കുന്ന ഈ യാത്ര നാളെ സമാപിക്കും.

യാത്രയിൽ കവി ജോസ് മോത്ത, സമൃദ്ധി ചെയർമാൻ പൊന്നൻ, രാധാകൃഷ്ണൻ, സജീവ്, ഉഷാറാണി തുടങ്ങിയവർ പങ്കെടുത്തു.

വീട് വാടകയ്ക്കെടുത്ത് ചാരായം വാറ്റി പിടിയിലായി

നേമം: വീട് വാടകയ്ക്കെടുത്ത് ചാരായം വാറ്റി വിറ്റിരുന്നയാളെ എക്സൈസ് സംഘം പിടികൂടി. ശനിയാഴ്ച രാവിലെ പാപ്പനംകോട് എസ്റ്റേറ്റ് ഹൈസ്കൂൾ റോഡിൽ വാടകയ്ക്ക് താമസിച്ചിരുന്ന ഹരികുമാറി(50) നെയാണ് പിടികൂടിയത്. വീട്ടിൽ നിന്നും 540 ലിറ്റർ കോടയും 20 ലിറ്റർ ചാരായവും വാറ്റുപകരണങ്ങളും പിടിച്ചെടുത്തു. ചാരായം കുപ്പികളിലാക്കിയാണ് വിറ്റിരുന്നത്. ഒരു ചാക്ക് ശർക്കര, ഗ്യാസ് സിലിണ്ടർ, സ്റ്റൗ, കന്നാസുകൾ തുടങ്ങിയവും പിടിച്ചെടുത്തു. ഒരു വർഷമായി ഇയാൾ വാടകയ്ക്ക് താമസിച്ചു വരികയാണ്. എക്സൈസ് സംഘം വീട്ടിലെത്തി പരിശോധന നടത്തുമ്പോഴാണ് നാട്ടുകാർ വിവരമറിയുന്നത്. എക്സൈസ് ഇൻസ്പെക്ടർ എ. കുഞ്ഞുമോൻ, അസിസ്റ്റന്റ് ഇൻസ്പെക്ടർ പ്രേമനാഥൻ, ഇൻസ്പെക്ടർ ട്രെയ്നികളായ ബിസ്മി, നിഖിൽ എന്നിവരുടെ നേതൃത്വത്തിലായിരുന്നു അറസ്റ്റ്.

പിടിയിലായ ഹരികുമാർ.

ജലജീവൻ മിഷൻപദ്ധതി: നമ്പർ ലഭിക്കാത്തവർ ബന്ധപ്പെടണം

പുനലൂർ: കരവാളൂർ, ഇടമുളയ്ക്കൽ പഞ്ചായത്തുകളിലെ ജലജീവൻ മിഷൻ പദ്ധതി പ്രകാരം നൽകിയ കണക്ഷനുകളിൽ കൺസ്യൂമർനമ്പർ ആകാത്തതും കണക്ഷൻ ലഭിച്ചിട്ട് ഇതുവരെ ബിൽ ലഭിച്ചിട്ടില്ലാത്തതുമായ ഉപഭോക്താക്കൾ കേരള ജല അതോറിറ്റിയുടെ ഓഫീസുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ പൂർത്തികരിക്കേണ്ടതാണെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ അറിയിച്ചു. 8547638548.

ട്രെയ്നറെ ആവശ്യമുണ്ട്

കൊല്ലം: പാലക്കാട്, അയിലൂർ കോളെജ് ഓഫ് അപ്ലൈഡ് സയൻസിൽ പാവ/കളിപ്പാട്ട നിർമാണം, മൺപാത്ര നിർമാണം, പരമ്പരാഗത കൊട്ട, വട്ടി, മുറംനിർമാണം എന്നിവയിൽ പ്രാവീണ്യമുള്ള ട്രെയ്നർമാരെ അവശ്യമുണ്ട്. ആധാർ കാർഡ്, മറ്റ്സർട്ടിഫിക്കറ്റുകൾ സഹിതം കോളെജിലെത്തണം. ഫോൺ: 04923 241766, 8547005029.

ചുമരുകൾക്ക് നിറം ചാർത്താൻ അച്ഛനും മക്കളും

പുനലൂർ: സ്കൂൾ ചുമരുകൾക്ക് നിറം ചാർത്താൻ വരകളും വർണങ്ങളുമായി അച്ഛനും മക്കളും. വയല എൻവി യുപി സ്കൂളിലെ ഭിത്തികളിൽ ചിത്രങ്ങൾ വയ്ക്കാൻ ചിത്രകാരനായ ആർ.റ്റി. രാജേഷ് ബാബുവിന്റെ സഹായികളായി കലാകാരികളായ ദിയാ രാജേഷ്, ലയാ രാജേഷ് എന്നിവരും ഒപ്പം കൂടി. മിമിക്രിതാരം കൂടിയായ ദിയ കരുകോൺ സ്കൂളിൽ പ്ലസ്ടു കഴിഞ്ഞു. ലയ ഈസ്റ്റ് സ്കൂളിൽ എട്ടാം ക്ലാസിലാണ്.

അച്ഛനും മക്കളും വയല എൻവി യുപി സ്കൂളിലെ ഭിത്തികളിൽ ചിത്രങ്ങൾ വരയ്ക്കുന്നു.

പോക്സോ കേസിൽ തമിഴ്നാട് സ്വദേശികളെ വെറുതെവിട്ടു

കൊട്ടാരക്കര: പോക്സോ കേസിൽ പ്രതി ചേർക്കപ്പെട്ടിരുന്ന തമിഴ്നാട് സ്വദേശികളെ കോടതി വെറുതെ വിട്ടു. തമിഴ്നാട് റാണിപേട്ട് ആർക്കോട് വരദരാജൻ സിറ്റിൽ ഡോർ നമ്പർ 8/36ൽ സന്തോഷ് ദുരൈ, റാണിപേട്ട് ആർക്കോട്ട് ധർമലിംഗം നഗറിൽ ഡോർ നമ്പർ 20/49ൽ പ്രശാന്ത് എന്നിവരെയാണ് ഫാസ്റ്റ്ട്രാക്ക്സ്പെഷ്യൽ കോടതി ജഡ്ജ് റീനദാസ് വെറുതെ വിട്ടത്. പ്രതികൾക്കെതിരെ ചുമത്തിയിരുന്ന സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരാണെന്ന് തെളിയിക്കാനായില്ലെന്നും കോടതി വിധിയിൽ ചൂണ്ടിക്കാട്ടി. പ്ലസ് വൺ വിദ്യാർഥിനിയെ തട്ടിക്കൊണ്ടുപോയി ലൈംഗികമായി പീഡിപ്പിച്ചു എന്ന് ആരോപിച്ച് പൂയപ്പള്ളി പൊലീസാണ് ഇവർക്കെതിരെ പോക്സോ വകുപ്പ് ചുമത്തി കേസെടുത്തത്. പ്രതികൾക്കുവേണ്ടി ആർ. അജി കോടതിയിൽ ഹാജരായി.

സംസ്ഥാന ജവഹർ ബാലഭവന്റെ അവധിക്കാല ക്ലാസുകളുടെ സമാപനാഘോഷത്തിന്റെ കലാപരിപാടികളുടെ ഉദ്ഘാടനം പിന്നണി ഗായകൻ പട്ടം സനിത്ത് നിർവഹിക്കുന്നു.

കുളത്തിലെ അശാസ്ത്രീയ നവീകരണം; മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

തിരുവനന്തപുരം: രണ്ടുകുട്ടികൾ മുങ്ങി മരിച്ച വെള്ളായണി പറക്കാട്ട് കുളത്തിന്റെ നവീകരണ ജോലികൾ അശാസ്ത്രീയത പരിഹരിക്കുന്നത് വരെ നിർത്തിവയ്ക്കണമെന്ന ആവശ്യത്തിൽ മനുഷ്യാവകാശ കമ്മീഷൻ നഗരസഭാ സെക്രട്ടറിയിൽ നിന്നും വിശദീകരണം തേടി. സംഭവത്തിൽ കമ്മീഷൻ കേസെടുത്തു. രണ്ടാഴ്ചക്കുള്ളിൽ വിശദീകരണം സമർപ്പിക്കണമെന്ന് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സൺ കെ. ബൈജുനാഥ് നഗരസഭാ സെക്രട്ടറിക്കു നിർദ്ദേശം നൽകി. ജൂൺ 28 ന് കമ്മീഷൻ ഓഫീസിൽ നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും. വേനൽ കാലത്ത് വെള്ളം സംഭരിക്കാനെന്ന പേരിൽ കുളത്തിനുള്ളിൽ നിർമിച്ചിരുന്ന കിണറിൽ അകപ്പെട്ടതു കാരണമാകാം നീന്താനിറങ്ങിയ കുട്ടികൾ മുങ്ങിമരിച്ചതെന്നും പരാതിയിൽ പറയുന്നു. ഏറെ നാളായി ഉപയോഗ ശൂന്യമായി കിടന്ന കിണർ അടുത്ത കാലത്താണു നവീകരിക്കാൻ ആരംഭിച്ചത്. കുളം നവീകരിക്കുമ്പോൾ അതിലെ അപകടസാധ്യത ഇല്ലാതാക്കാനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ടെന്നും പരാതിയിൽ പറയുന്നു. കുളത്തിന്റെ അശാസ്ത്രീയ നിർമാണം പരിഹരിച്ച ശേഷം മാത്രം നവീകരണ ജോലികൾ തുടരണമെന്നാണ് ആവശ്യം. നിർധന കുടുംബത്തിലെ കുട്ടികളാണു മരിച്ചത്. കുളത്തിനുള്ളിൽ കിണർ നിലനിർത്തി അപകടം ക്ഷണിച്ചു വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി മരിച്ച കുട്ടികളുടെ കുടുംബങ്ങൾക്ക് നൽകണമെന്നും പരാതിക്കാരനായ മനുഷ്യാവകാശ പ്രവർത്തകൻ രാഗം റഹിം ആവശ്യപ്പെട്ടു. നവീകരണ ജോലികൾ നടക്കുന്ന കുളത്തിൽ ഇറങ്ങരുതെന്ന മുന്നറിയിപ്പ് സ്ഥാപിച്ചിരുന്നില്ലെന്നും പരാതിയിൽ പറയുന്നു. നേമം സ്വദേശികളായ മുഹമ്മദ് ഇഹ്സാനും മുഹമ്മദ് ബിലാലുമാണ് മുങ്ങി മരിച്ചത്.

കുട്ടികളുടെ 'റോക്കറ്റ് അധ്യാപകൻ' അജിത് കുമാർ പടിയിറങ്ങി

തിരുവനന്തപുരം: നീണ്ട 27 വർഷത്തെ ശാസ്ത്ര അധ്യാപക വൃത്തിക്കുശേഷം എം. അജിത് കുമാർ പടിയിറങ്ങുന്നതു കഴിഞ്ഞ രണ്ടു വർഷം കൊണ്ട് വിളപ്പിൽശാല ഗവ. യുപി സ്കൂളിനെ ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയമാക്കി മാറ്റിയതിനുശേഷം. ഹെഡ്മാസ്റ്റർ പദവിയിൽ നിന്നും വിരമിച്ച എം.അജിത് കുമാർ ദീർഘകാലം തൈക്കാട് ഗവ. മോഡൽ എച്ച്എസ് എസിൽ ശാസ്ത്ര അധ്യാപകനായിരുന്നു. കുട്ടികളുടെ ഇടയിൽ അറിയപ്പെട്ടിരുന്നത് 'റോക്കറ്റ് അധ്യാപകൻ' എന്നാണ്. പഠന പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികളെ കൊണ്ടുതന്നെ മിനി റോക്കറ്റുകൾ ഉണ്ടാക്കി, സ്കൂൾ ഗ്രൗണ്ടിൽ നിന്നും റോക്കറ്റ് വിക്ഷേപണം നടത്തി അക്കാലത്ത് വാർത്ത സൃഷ്ടിക്കുവാനും അജിത് കുമാറിനു കഴിഞ്ഞിരുന്നു. അഞ്ചുവർഷം മുമ്പ് തിരുവനന്തപുരം ജില്ലയിലെ ആദ്യത്തെ എയർകണ്ടീഷൻ ചെയ്ത യുപി സയൻസ് ലാബും മിനി തിയേറ്ററും മോഡൽ സ്കൂളിൽ സജ്ജീകരിക്കാൻ നേതൃത്വം നൽകിയത് ഇദ്ദേഹമായിരുന്നു. വിളപ്പിൽശാല സ്കൂളിൽ ആരംഭിച്ച ക്രിയേറ്റീവ് കോർണർ ഏറെ ശ്രദ്ധേയമായി ഇപ്പോഴുമുണ്ട്. കൃഷി, ഇലക്ട്രിക്കൽസ്, ഇലക്ട്രോണിക്സ്, പ്ലംബിംഗ്, തയ്യൽ, കമ്പ്യൂട്ടർ, കാർപെന്റർ തുടങ്ങി 7 മേഖലകളിൽ കുട്ടികൾക്ക് പ്രാവീണ്യം നേടാൻ വേണ്ടിയുള്ള ക്രിയേറ്റിവ് കോർണർ സംസ്ഥാന തലത്തിൽ തന്നെ ആദ്യത്തെ സംരംഭമാണ്. ഭാര്യ വിനീത പൂജപ്പുര ചിന്നമ്മ മെമ്മോറിയൽ സ്കൂളിലെ അധ്യാപികയാണ്. മക്കൾ: ഗായത്രി, ഗോപിക.

ഐ.ബി. സതീഷ് എംഎൽഎയിൽ നിന്നും ആദരവ് ഏറ്റുവാങ്ങുന്ന എം. അജിത് കുമാർ.

വീട്ടിലെ ഫ്രിഡ്ജ് കത്തി നശിച്ചു; ആളപായമില്ല

വിഴിഞ്ഞം: മുക്കോലയിൽ വീട്ടിലെ ഫ്രിഡ്ജ് കത്തിനശിച്ചു. ആളപായമില്ല. മുക്കോല കാഞ്ഞിരംവിള ജോയിയുടെ വീട്ടിലെ ഫ്രിഡ്ജാണ് വെള്ളിയാഴ്ച രാവിലെ കത്തിനശിച്ചത്. സംഭവസമയത്ത് വീട്ടിൽ ആരുമുണ്ടായിരുന്നില്ല. ഒരാഴ്ചയായി വീട് പൂട്ടിയിട്ടിരിക്കുകയായിരുന്നു. രാവിലെ വീട്ടിൽ നിന്നും പുക ഉയരുന്നത് ശ്രദ്ധയിൽപ്പെട്ട അയൽവാസികൾ ജനാല ചില്ലുകൾ പൊട്ടിച്ചപ്പോൾ ഉള്ളിൽ പുക നിറഞ്ഞിരുന്നു. ഉടൻ തീ നിയന്ത്രിച്ചതിനാൽ കൂടുതൽ അപകടം ഒഴിവായി. വിവരമറിഞ്ഞ് വിഴിഞ്ഞം പൊലീസും ഫയർ ഫോഴ്സ് അധികൃതരും സ്ഥലത്തെത്തി. മുറിയിലുണ്ടായിരുന്ന ഏതാനും വീട്ടുപകരണങ്ങളും കത്തിനശിച്ചുവെന്ന് വീട്ടുകാർ പറഞ്ഞു. കാലപഴക്കം ചെന്ന ഫ്രിഡ്ജായിരുന്നു. തീപിടിത്ത കാരണം വ്യക്തമല്ലെന്ന് അധികൃതർ പറഞ്ഞു. സംഭവമറിഞ്ഞ് കെഎസ്ഇബി അധികൃതരെത്തി വൈദ്യുതബന്ധം വേർപ്പെടുത്തി.

ഫ്രിഡ്ജ് കത്തിക്കരിഞ്ഞ നിലയിൽ.

വട്ടമൺ പാലം പണി നിലച്ചു

പുനലൂർ: രണ്ടുവർഷമായി ഇഴഞ്ഞു നീങ്ങുന്ന ആയൂർ - അഞ്ചൽ റോഡിലെ വട്ടമൺ പാലം പണി പൂർണമായും നിലച്ചു. ഇതുവരെ തൂണുകൾ പോലും പൂർത്തിയായിട്ടില്ല.

പണി ഇനി എന്നു തുടങ്ങുമെന്ന് പറയാൻ കഴിയാത്ത അവസ്ഥയിലാണ്. പൊതുമരാമത്ത് ഉദ്യോഗസ്ഥരും കരാറുകാരും കാട്ടുന്ന അനാസ്ഥ ഒട്ടേറെ യാത്രക്കാരെയാണ് വട്ടം ചുറ്റിക്കുന്നത്.

ഒരു വാഹനത്തിന് പോലും കടന്നു പോകാൻ കഴിയാത്ത വിധം വീതി കുറവാണ് പഴയ പാലത്തിന്. ഇത് പൊളിക്കാതെ സംരക്ഷിക്കാനും പദ്ധതി തയ്യാറാക്കിയാണ് പുതിയ പാലം നിർമിച്ചുതുടങ്ങിയത്. പാലത്തിന്റെ പണി പൂർത്തിയാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

ICICI Home Finance

കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അമ്പലമുകൾ- കുന്നിട റോഡ്, അമ്പലമുകൾ ഇസ്റ്റേറ്റ്, മുംബൈ- 400053, ഇന്ത്യ

ശാഖാ ഓഫീസ് ശാഖാ വിലാസം- ഫസ്റ്റ് ഫ്ലോർ, ഷോപ്പ് നമ്പർ 2/30 , സിസി VII/ 673/1-4(2), എംജി കോർപ്പറേറ്റ് സെന്റർ, മെഡിക്കൽ കോളജ് പി ഒ , ഉള്ളൂർ , തിരുവനന്തപുരം - 695011

പ്രൊവിഡന്റ് ഫണ്ട് (PF) കുടിശ്ശിക

സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ സെക്യൂരിറ്റൈസേഷൻ ആന്റഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷൽ അസറ്റ്സ് ആന്റഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾ, പ്രൊവിഡന്റ് ഫണ്ട് ഒരു ചെക്ക്ലിസ്റ്റ് വായിക്കുക. പ്രകാശ് സ്വത്തായ വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ- ലേല വിൽപ്പന നോട്ടീസ്.

വായ്പാ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ പണയം ചെയ്തതായും വായ്പക്കാർ/ജാമ്യക്കാർ എന്നിങ്ങനെയും പൊതുജനങ്ങളുടെയും ഇതിനാൽ അറിയിക്കുന്നു.

Sr. No.	വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ എന്തെങ്കിലും വിധത്തിലുള്ള ഭാരങ്ങളുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	ഇൻസ്പെക്ഷൻ തിയതിയും സമയവും	ലേലത്തിന്റെ തിയതി, സമയം
(A)	(B)	(C)	(D)	(E)	(F)	(G)
1.	വിജേഷ് കുമാർ വി (വായ്പക്കാരൻ) റോസമ്മ ടി (സഹ വായ്പക്കാരൻ) Loan Account No. LHTVM00001337760 & LHTVM00001330596	മലയിൻകീഴ് വില്ലേജ്, കാട്ടാക്കട താലൂക്ക്, വലിയറവിള അംശം, തിരുവനന്തപുരം റിസർവേ നമ്പർ 214/26/2, ബ്ലോക്ക് നമ്പർ 6, പഴയ സർവേ നമ്പർ 260/1സി, മലയിൻകീഴ്, കാട്ടാക്കട, തിരുവനന്തപുരം , കേരളം -695571	Rs. 5,31,363/- May 22, 2024	Rs. 12,24,720/- Rs. 1,22,480/-	July 01, 2024 11:00 AM 03:00 PM	July 10, 2024 02:00 PM 03:00 PM

മേല പറഞ്ഞവ ഓൺലൈൻ ലേലത്തിന് വയ്ക്കുന്നതിനുള്ള അവസരം നൽകും. പണം തിരിച്ചടച്ചില്ലെങ്കിൽ ഇതിനകം ജാമ്യമായി നൽകിയ വസ്തുക്കൾ വിൽപ്പന ചെയ്യുന്നതാണ്.

മേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് തവണ നൽകാൻ ഉദ്ദേശിക്കുന്ന വില നിരതദ്രവ്യം ഇഎംഡി, ആർടിജിഎസ്/നിലവിൽ ഡ്രാഫ്റ്റ് രൂപത്തിൽ തുകയും ഇ ലേലത്തിൽ പങ്കെടുക്കുന്ന വിധം എന്നിവ സഹിതം അടച്ച രസീത് ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, , ഗണം നില, കോപ്പറ്റ് നമ്പർ 2/30, സിസി VII /673/1-4(2), എംജി കോർപ്പറേറ്റ് സെന്റർ , മെഡിക്കൽ കോളജ് പിഒ, ഉള്ളൂർ, തിരുവനന്തപുരം -695011 എന്ന വിലാസത്തിലേക്ക് ജൂലൈ 09, 2024 വൈകിട്ട് 4 മണിക്കു മുമ്പായി അയക്കേണ്ടതാണ്. താൽപര്യമുള്ള തിയ്യതിക്ക് ശേഷിക്കുന്ന തുക ഡിമാൻഡ് ഡ്രാഫ്റ്റ് രൂപത്തിൽ ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഗണം നില, കോപ്പറ്റ് നമ്പർ 2/30, സിസി VII /673/1-4(2), എംജി കോർപ്പറേറ്റ് സെന്റർ , മെഡിക്കൽ കോളജ് പിഒ, ഉള്ളൂർ, തിരുവനന്തപുരം -695011 എന്ന വിലാസത്തിലേക്ക് ജൂലൈ 09, 2024 വൈകിട്ട് 5 മണിക്കു മുമ്പായി അയക്കേണ്ടതാണ്. നിരതദ്രവ്യ തുക, ഡിമാൻഡ് ഡ്രാഫ്റ്റ് രൂപത്തിൽ എന്നിവ സമർപ്പിക്കാതെയുള്ള ലേലത്തിൽ നിന്നും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്-ഓഫീസിൽ തിരുവനന്തപുരത്ത് ഓഫീസറുടെ വിധത്തിലായിരിക്കണം.

കൂടുതൽ വിവരങ്ങൾക്കും, വസ്തു പരിശോധിക്കുന്നതിനെക്കുറിച്ചും ടെൻഡർ നടപ്പിക്കുന്നതിനെക്കുറിച്ചും എന്തെങ്കിലും വിധത്തിലുള്ള സംശയങ്ങൾ ഉള്ളവർ ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ 9920607300 എന്ന നമ്പറിലോ ഇമെയിൽസ് & ഗൂഗിൾ പ്ലേസ്റ്റോർ ഐസി